**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5088** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഷൺമുഖപുരം പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലെ എറണാകുളം, ചിറ്റൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഷൺമുഖപുരം പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (എ) | എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വെ നം. 843-ൽ ഉൾപ്പെട്ട ഷൺമുഖപുരം പ്രദേശത്ത് നിലവിൽ 17 കൈവശക്കാരാണ് പതിവിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. കൈവശഭൂമി കായൽ പുറമ്പോക്കും തുറമുഖ പ്രദേശവുമാണ്. പതിവിനാസ്പദമായ ഭൂമി കായൽ പുറമ്പോക്ക് ആയതിനാൽ കൊച്ചിൻ കോർപ്പറേഷന്റെയും, തുറമുഖ പ്രദേശമായതിനാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെയും അഭിപ്രായമാരാഞ്ഞതിൽ, പ്രസ്തുത സ്ഥലം കൊച്ചിൻ പോർട്ട് ട്രസ്റ്റ് വകയാണെന്നും അപേക്ഷകൾ പരിഗണിക്കാതെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് പോർട്ട് ട്രസ്റ്റിൽ നിന്നും മറുപടി ലഭിച്ചതെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 17 കൈവശക്കാരും വർഷങ്ങളായി ഭൂമി കൈവശം വച്ച് പോരുന്നവരും, എറണാകുളം വില്ലേജ് പരിധിയിൽ മറ്റ് ഭൂമി സ്വന്തമായില്ലാത്തവരും, മത്സ്യത്തൊഴിലാളികളും കൂലിപ്പണി ഉപജീവനമാക്കിയവരുമാണ്.<br><br>പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതാണോ അതോ സർക്കാർ ഭൂമിയാണോ എന്ന വിവരം ബന്ധപ്പെട്ട ഉടമസ്ഥാവകാശ രേഖകളുടെ പകർപ്പുകൾ സഹിതം റിപ്പോർട്ട് ചെയ്യുവാൻ ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ